***Deepika***
***31 July 2018***
***Idukki; Idukki Dam, Poonilav***

# ഡാം നിറയുമ്പോൾ കൊലുമ്പന്റെ സ്മരണയ്ക്കും പൂനിലാവ്

**ബിജു കലയത്തിനാൽ**

**ചെറുതോണി:** ഇടുക്കി അണക്കെട്ട് നിറഞ്ഞുതുളുമ്പാൻ ഒരുങ്ങിനിൽക്കെ പദ്ധതിയുടെ വഴികാട്ടിയായ ആദിവാസി മൂപ്പൻ കൊലുമ്പന്റെ സ്മരണയ്ക്കും പൂനിലാവിന്റെ തെളിമ. 1932ൽ ഇടുക്കിയിൽ നായാട്ടിനായെത്തിയ മലങ്കര എസ്റ്റേറ്റ് സൂപ്രണ്ട് ഡബ്ല്യു.ജെ. ജോൺ അവിചാരിതമായാണു പൈനാവ് പാറേമാവ് പ്രദേശത്ത് എത്തുന്നത്.

ജോണിന് ഈപ്രദേശത്തെ ഭൂപ്രകൃതിയെ സംബന്ധിച്ചു തീരെ അറിവുണ്ടായിരുന്നില്ല. മൂലമറ്റത്തുനിന്നുള്ള കൊടുംവളവുകളും മലയും താണ്ടിയെത്തിയ ജോണിന് ഇടുക്കി പ്രദേശം ചുറ്റിക്കാണുന്നതു ശ്രമകരമായ കാര്യമാണെന്ന് മനസിലായി. ഒരു സഹായിയെ അന്വേഷിച്ചിറങ്ങിയ ഇദ്ദേഹം പാറേമാവിൽ കൂട്ടമായി അധിവസിച്ചിരുന്ന ഊരാളിക്കുടിയിലെത്തി തന്റെ ആവശ്യം അറിയിച്ചു.



ആദിവാസി മൂപ്പൻ കൊലുമ്പൻ

ഊരാളി സമുദായത്തിന്റെ ഗോത്രത്തലവനായ കരിവെള്ളിയാൻ കൊലുമ്പനെന്നും ചെമ്പൻ കൊലുമ്പൻ എന്നും വിളിപ്പേരുള്ള ഗോത്രത്തലവൻ സൂപ്രണ്ടിനെ ഈപ്രദേശം ചുറ്റിക്കാണിക്കാൻ തയാറായി. വനമേഖലയിലൂടെ വേട്ടയാടിയും പ്രകൃതി സൗന്ദര്യമാസ്വദിച്ചും ദിവസങ്ങൾ ചെലവഴിച്ചു. ആ യാത്രയിലാണ് രണ്ടു കൂറ്റൻ പാറകളുടെ ഇടയിലെ ഇടുങ്ങിയ ചാലിലൂടെ നദി ഒഴുകിപ്പോകുന്നതു കൊലുമ്പൻ ജോണിനെ കാണിച്ചുകൊടുത്തത്. ജോൺ കൊലുമ്പന്റെ കൂട്ടാളികളെയുംകൂട്ടി നീളമുള്ള മുളകൾ കൂട്ടിക്കെട്ടി നദിയുടെ ആഴം അളന്നു തിട്ടപ്പെടുത്തിയ ശേഷം മടങ്ങിപ്പോയി.

സൂപ്രണ്ടിനു വഴികാട്ടിയായ കൊലുമ്പൻ കുറവൻ, കുറത്തി മലകളുടെ ഐതിഹ്യവും പറഞ്ഞുകൊടുത്തിരുന്നു. ഈസ്ഥലത്ത് അണക്കെട്ടു നിർമിച്ചു ജലവൈദ്യുത പദ്ധതിക്കുള്ള സാധ്യത മനസിലാക്കിയ ജോൺ റിപ്പോർട്ട് തയാറാക്കി സർക്കാരിനുനൽകി. അങ്ങനെ ലോക പ്രസിദ്ധമായ ഇടുക്കി പദ്ധതിക്കു ജീവൻ വച്ചു. ഇതിലൂടെ ഇടുക്കി പദ്ധതിയുടെ വഴികാട്ടിയായ കൊലുമ്പന്റെ നാമവും ലോകം മുഴുവൻ അറിയപ്പെട്ടു.

കേരള സർക്കാർ കൊലുമ്പന്റെ സേവനം പരിഗണിച്ച് അഞ്ചാംക്ലാസ് വിദ്യാർഥികളുടെ മലയാള പാഠാവലിയിൽ ഇടുക്കി പദ്ധതിയിലുള്ള കൊലുമ്പന്റെ പങ്ക് പഠനവിഷയമാക്കി.

പൈനാവിനും ചെറുതോണിക്കുമിടയിൽ വെള്ളാപ്പാറയിലാണ് കൊലുമ്പന്റെ സ്മൃതികുടീരം നിർമിച്ചിരിക്കുന്നത്. ഇവിടെ ആദിവാസി വിഭാഗത്തിലുള്ള ഊരാളി സമുദായക്കാർ രാവും പകലും വിളക്കു വയ്ക്കുകയും വെറ്റിലമുറുക്കാനും മറ്റും കാണിക്കയായി നൽകുകയും ചെയ്തുവരുന്നു. കൊലുമ്പന്റെ നാമത്തിൽ തടാകത്തിൽ ബോട്ടും ചെറുതോണി അണക്കെട്ടിനോടുചേർന്നു പൂർണകായ പ്രതിമയും നിർമിച്ചിട്ടുണ്ട്. കൊലുമ്പന്റെ സ്മരണ നിലനിർത്താൻ സംസ്ഥാന സർക്കാർ ലക്ഷങ്ങൾ മുടക്കി സ്മൃതിമണ്ഡപം നവീകരിച്ചിട്ടുണ്ട്.

## കേന്ദ്രസംഘം ഇടുക്കി സന്ദർശിക്കണം: ചെന്നിത്തല

**നെടുങ്കണ്ടം:** കേന്ദ്രസംഘം ഇടുക്കി ജില്ലയും സന്ദർശിക്കണമെന്നു പ്രതിപക്ഷനേതാവ് രമേശ് ചെന്നിത്തല. ഡിസിസി ഓഫീസിൽ ചേർന്ന യുഡിഎഫ് നേതൃയോഗം ഉദ്ഘാടനംചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. കാലവർഷക്കെടുതി തിട്ടപ്പെടുത്തുന്നതിന് ആലപ്പുഴ, കോട്ടയം ജില്ലകളിൽ എത്തുന്ന കേന്ദ്രസംഘം ഇടുക്കി ജില്ലയിൽകൂടി സന്ദർശനം നടത്തണം. ജില്ലയിലെ കൃഷിനാശം വളരെ ഗുരുതരമാണ്.

വയനാട് ജില്ലയ്ക്കു നൽകിയതുപോലെ കാർഷിക കടാശ്വാസ ആനുകൂല്യം ഇടുക്കി ജില്ലയ്ക്കും 2014 മാർച്ച് 31 കാലാവധിയായി കണക്കാക്കി ലഭ്യമാക്കണം. തോട്ടം തൊഴിലാളികൾക്കു കാലവർഷക്കെടുതി പരിഗണിച്ചു സൗജന്യ റേഷൻ നൽകണമെന്നും പ്രതിപക്ഷനേതാവ് ആവശ്യപ്പെട്ടു. ഡിസിസി പ്രസിഡന്റ് ഇബ്രാഹിംകുട്ടി കല്ലാർ അധ്യക്ഷത വഹിച്ചു. റോഷി അഗസ്റ്റിൻ എംഎൽഎ, ഇ.എം. അഗസ്തി, റോയി കെ. പൗലോസ്, എസ്. അശോകൻ, പ്രഫ. എം.ജെ. ജേക്കബ്, സി.പി. മാത്യു, ഡോ.മാത്യു കുഴൽനാടൻ, ജോസ് പാലത്തിനാൽ, കൊച്ചുത്രേസ്യ പൗലോസ് തുടങ്ങിയവരും പങ്കെടുത്തു.